# പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 40 13.01.2021 - ൽ മറുപടിക്ക്

## സഹകരണ ബാങ്കുകളും ബാങ്കിംഗ് റഗുലേഷൻ നിയമവും

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ<br>ശ്രീ.എ.എൻ.ഷംസീർ<br>ശ്രീ.ഐ.ബി.സതീഷ്<br>ശ്രീ.സജി ചെറിയാൻ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | സാധാരണക്കാരുടെ, വിശേഷിച്ച് ഗ്രാമപ്രദേശത്തുള്ളവരുടെ, സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്നതിൽ സുപ്രധാന പങ്ക് വഹിക്കുന്ന സഹകരണ ബാങ്കുകളെ ബാങ്കിംഗ് റഗുലേഷൻ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവന്നത് ഈ മേഖലയെ എങ്ങനെ ബാധിക്കാനിടയുണ്ടെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് നിലവിൽ സഹകരണ ബാങ്കുകൾ എന്ന പേരിൽ പ്രവർത്തിച്ചുവരുന്ന പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, ചില പ്രാഥമിക വായ്പ സഹകരണ സംഘങ്ങൾ എന്നിവ അവയുടെ പേരിൽ ബാങ്ക് എന്ന പദം ഉപയോഗിച്ചുവരുന്നതിനാൽ ടി സ്ഥാപനങ്ങൾ 2020-ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാകണമെങ്കിൽ അവയുടെ പേരിന്റെ ഭാഗമായുള്ള 'ബാങ്ക്' എന്ന പദം ഒഴിവാക്കുകയും ഇടപാടുകാർക്ക് ചെക്ക് സംവിധാനം എവിടെയെങ്കിലും നൽകുന്നുണ്ടെങ്കിൽ ആയത് ഒഴിവാക്കുന്നതുൾപ്പടെ, ടി നിയമത്തിലെ വകുപ്പ് 3-ന് വിധേയമായുള്ള നടപടികളും സ്വീകരിക്കേണ്ടതുണ്ട്. |
| (ബി) | സർവ്വീസ് സഹകരണ ബാങ്കുകളും കാർഷിക | (ബി) | RBI ലൈസൻസ് ഇല്ലാത്ത സഹകരണ ബാങ്കുകൾക്ക് 2020-ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) |

| | | | |
|---|---|---|---|
| | ഗ്രാമവികസന ബാങ്കുകളും നിക്ഷേപം സ്വീകരിക്കുന്നതിനും സേവിംഗ്സ് ബാങ്ക് ഇടപാട് നടത്തുന്നതിനും നിയന്ത്രണം ഏർപ്പെടുത്തി യിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ; | | നിയമത്തിലെ വകുപ്പ് 3 അനുസരിച്ച് 'ബാങ്ക്, ബാങ്കിംഗ്, ബാങ്കർ' എന്നീ പദങ്ങൾ ഉപയോഗിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ ഏർപ്പെടുത്തേണ്ടുന്ന നിയന്ത്രണങ്ങളെ സംബന്ധിച്ച് കൂടുതൽ വ്യക്തത വരേണ്ടതുണ്ട്. |
| (സി) | സ്വകാര്യവൽക്കരണത്തിന് വിധേയ മാക്കുന്ന വൻകിട ബാങ്കുകളിലൂടെ നിക്ഷേപം മറ്റു സംസ്ഥാനങ്ങളിലുള്ള കുത്തക മുതലാളിമാരുടെ താല്പര്യ സംരക്ഷണത്തിന് വിനിയോഗിക്കാൻ വഴിയൊരുക്കുന്നതിനായി സഹകരണ സംഘങ്ങളെ ദുർബലപ്പെടുത്തുന്ന കേന്ദ്ര സർക്കാർ നടപടികളിൽ നിന്ന് പിന്മാറാൻ സംസ്ഥാനം ആവശ്യപ്പെടുമോ? | (സി) | സർക്കാർ ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ